## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2946

07.12.2018-ലെ മറുപടി

### സെലക്ട് ലിസ്റ്റിൽ ആവശ്യത്തിനുള്ള ജീവനക്കാരെ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ വകുപ്പുതല പ്രമോഷൻ കമ്മിറ്റി തയ്യാറാക്കിയിട്ടുള്ള സെലക്ട് ലിസ്റ്റിൽ ആവശ്യത്തിനുള്ള ജീവനക്കാരില്ലാത്തതിനാൽ ഒഴിവുള്ള തസ്തികയിലേക്ക് പ്രമോഷൻ നടത്തുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി സെലക്ട് ലിസ്റ്റിൽ ആവശ്യത്തിനുള്ള ജീവനക്കാരെ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകുമോ; | (ബി) | അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ യോഗ്യതയും സീനിയോരിറ്റിയും ഉള്ള ഡിപ്ലോമ ഹോൾഡേഴ്സ് ഇല്ലാത്തതിനാൽ ഡിഗ്രി ഹോൾഡേഴ്സിനെ പരിഗണിച്ച് വകുപ്പുതല പ്രമോഷൻ കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| (സി) | നിലവിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകൾ ഉണ്ട്; അവ നികത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) | നിലവിൽ 8 ഒഴിവുകൾ ഉണ്ട്. അവ നികത്തുന്നതിനായി വകുപ്പുതല പ്രമോഷൻ കമ്മിറ്റി കൂടുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ